**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3782** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഓപ്പൺ ജിം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം കായിക വകുപ്പിന്റെ സഹായത്താൽ എവിടെയെല്ലാം ഓപ്പൺ ജിമ്മുകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ടൂറിസം വകുപ്പിന് കീഴിൽ കായിക വകുപ്പ് മുഖേന താഴെ പറയുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 16.02.2022 ലെ സർക്കാർ ഉത്തരവ് നം. 28/2022/കാ.യു.വ പ്രകാരം 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>1. മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് പാർക്ക്<br><br>2. വയനാട് ജില്ലയിലെ കൽപ്പറ്റ ജിനചന്ദ്രൻ സ്റ്റേഡിയം<br><br>3. തിരുവനന്തപുരം ജില്ലയിലെ ആക്കുളം ടൂറിസ്റ്റ് വില്ലേജ്<br><br>4. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം.<br><br>5. ആലപ്പുഴ ജില്ലയിലെ ലൈറ്റ് ഹൗസിന് സമീപം.<br><br>മേൽ പറഞ്ഞ സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായുള്ള സിവിൽ പ്രവൃത്തികൾക്കുള്ള ടെണ്ടറുകൾ ക്ഷണിച്ച് കരാറിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.<br><br>6. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ ടൂറിസം വകുപ്പിന് കീഴിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നതാണ്.<br><br>7. കണ്ണൂർ ജില്ലയിലെ മുഴിപ്പിലങ്ങാടി ബീച്ചിൽ ഓപ്പൺ ജിം സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത 7 സെന്ററുകളിൽ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനായി 24.06.2023 തീയതിയിൽ 62.32 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും, 27.06.2023 ൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡറിൽ ലഭിച്ച ബിഡ്ഡുകളുടെ അടിസ്ഥാനത്തിൽ ജിം ഉപകരണങ്ങളുടെ ഗുണ നിലവാരം ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച ശേഷം പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിൽ പരിശോധിക്കുന്നതിനായി അയച്ചിട്ടുണ്ട്. ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായാലുടൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>8 & 9. മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലെ ഒഴൂർ ഫാമിലി ഹെൽത്ത് സെന്റർ, മൂലക്കൽ സിറ്റി എന്നിവിടങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി 26.05.2023 ലെ ജി.ഒ.(ആർ.ടി) നം. 150/2023/ കായുവ പ്രകാരം 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 03.10.2023 ന് ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങുന്നതിനായി 17.81 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളോട് ഉപകരണങ്ങളുടെ സാമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 27.32 ലക്ഷം രൂപയുടെ സിവിൽ-ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 03.10.2023 ന് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. അബ്ദുൾ റംഷീക് എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു.<br><br>10. തൃത്താല നിയോജക മണ്ഡലത്തിലെ പട്ടിത്തറ, പരുതൂർ, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓപ്പൺ ജിംനേഷ്യവും അനുബന്ധ സംവിധാനങ്ങളും സ്ഥാപിക്കുന്ന പ്രവൃത്തിക്കായി 23.01.2023 ലെ പാലക്കാട് ജില്ലാ കളക്ടറുടെ നടപടി ക്രമം നം. ആർ.ഡി.5/1853/2022 പ്രകാരം 40,00,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ സിവിൽ, ഇലക്ട്രിക്കൽ & ലാന്റ്സ്കേപ്പിംഗ് പ്രവൃത്തികൾക്കായി 05.08.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 229/2023/കാ.യു.വ പ്രകാരം 40,00,000/- രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെയെല്ലാം എന്തെല്ലാം സൗകര്യങ്ങളും ഉപകരണങ്ങളും ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഓപ്പൺ ജിമ്മിലെ ഉപകരണങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. എയർ വാക്കർ |

| | | | |
|---|---|---|---|
| | | | 2. ചെസ്റ്റ് പ്രെസ് (ഡബിൾ)<br>3. ട്രിപ്പിൾ ട്വിസ്റ്റർ<br>4. ലെഗ്ഗ് പ്രെസ് (ഡബിൾ)<br>5. റോവർ<br>6. ഷോൾഡർ ബിൽഡർ (ഡബിൾ)<br>7. സിറ്റ്-അപ് ബോർഡ്<br>8. സ്കൈ വാക്കർ<br>9. സർഫ്ബോർഡ്<br>10. ക്രോസ് ട്രെയിനർ (ഡബിൾ)<br>11. ബാക്ക് എക്സ്റ്റെൻഷൻ<br>12. പുഷ്-അപ് ബാർ & ഡിപ് സ്റ്റേഷൻ<br>13. ആം & പാഡിൽ ബൈക്ക്<br>14. ഹോഴ്സ് റൈഡർ<br>15. സിംഗിൾ ബാർ |
| (സി) | തിരുവമ്പാടി മണ്ഡലത്തിലെ മുക്കം നഗരസഭയിൽ ഒരു ഓപ്പൺ ജിം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | അനുയോജ്യമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ടി വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ